SUPPLEMENTARY GRANTS

1. Rs. 300 under "23—Ayurveda—Dearness Allowance"

Mr. T. K. Nayar *(Minister for Rural Development):* Sir, I rise to move for an additional allotment of Rs. 300 under "23—Ayurveda—Dearness Allowance". The total expenditure required under the head "dearness allowance" for the current year is Rs. 660 of which a sum of Rs. 360 is available for transfer from savings under other heads. The balance required, *viz.*, Rs. 300 is to be met by additional allotment which may kindly be granted.

Demand put and carried

2. Rs. 143 under "23—Ayurveda—Dearness Allowance" by transfer from "23—Ayurveda—Salary of the Superintendent"

Mr. T. K. Nayar *(Minister for Rural Development):* Sir, I move for a transfer of Rs. 143 from "23—Ayurveda—Salary of the Superintendent. As pointed out a sum of Rs. 660 is necessary for the current year for dearness allowance and a sum of Rs. 143 is proposed to be transferred from the allotment for the salary of the Superintendent. Sanction for this transfer may kindly be granted.

Demand put and carried

3. Rs. 2,978 under "18—Police—Dearness allowance"

Khan Sahib Y. Muhammad Roshan Sahib Bahadur *(Commissioner of Police):* Sir, I rise to move for a supplementary grant of Rs. 2,978 under "18—Police—Dearness Allowance". No allotment was made in the budget for dearness allowance in the current year. The total amount required under this head as per the revised estimate is Rs. 5,016. There was a sum of Rs. 2,038 available for transfer from various heads to the head "dearness allowance". Therefore an additional allotment of Rs. 2,978 is found necessary. I request the House may be pleased to grant the same.

Demand put and carried

4. Rs. 306 under "18 Police—printing charges" by transfer from "18 Police—Commissioner of Police"

Khan Sahib Y. Muhammad Roshan Sahib Bahadur *(Commissioner of Police):* Sir, I rise to move for a supplementary grant of Rs. 306 under "18—Police—Printing charges" by transfer from "18—Police—Commissioner of Police". I request that the House may be pleased to grant the same.

Demand put and carried

5. Rs. 760 under "18—Police—Printing charges" by transfer from "18—Police—Deputy Commissioner of Police"

Khan Sahib Y. Muhammad Roshan Sahib Bahadur *(Commissioner of Police):* Sir, I rise to move for a supplementary grant of Rs. 760 under "18—Police—Printing charges" by transfer from "18—Police—Deputy Commissioner of Police". I request that the House may be pleased to grant the same.

Demand put and carried

മിസ്റ്റർ കെ. എസ്സ്. പണിക്കർ: പ്ലീൻടിംഗ് ചാർജ്ജിനുവേണ്ടി രണ്ടു സപ്ലിമെൻറി ഗ്രാൻറ വന്നിരിക്കുന്നതെന്താണ്?

Mr. P. V. Raphael *(Comptroller of Finance and Accounts):* It is transferred from two different sub-heads.

VOTING OF DEMANDS FOR GRANTS

2. Agriculture—*(cont.)*

CUT MOTION No. 1—*(cont.)*

Mr. E. Ikkanda Warriar *(Cheruthuruthi):* Sir, I stated yesterday that in response to the "Grow More Food" campaign in the State many people have taken to intensive cultivation and one of the things that is absolutely necessary to carry it on for a long time is the supply of manure. Our people, particularly the agriculturists, are too poor because the House knows that the landlord takes very little interest in actual cultivation and the cultivators are generally drawn from the poor class. So I submitted that the Government should take upon themselves the work of supplying the manure. I am glad that the Government have provided for a decent sum of about Rs 50,000. But considering the magnitude of the work before them I think that even

LIBRARY ARCHIVES Kerala Legislative Assembly

that Rs. 50,000 is too small. I therefore commend this motion for the consideration of the House just to tell the Government that they should be encouraged to spend more. It is only with that idea that I have moved this motion.

Mr. V. J. Mathai *(Planters)*: Sir, in supporting this cut motion I have to impress upon everybody who is interested in agriculture the necessity of supplying manure. The Hon'ble Minister may probably find from the back files that a resolution has been moved in the Advisory Committee on Agriculture and it has been accepted by the Government to some extent. But the difficulty will be in starting depots in places where there is no sufficient demand for manure. The overhead charges will be very great. Therefore my suggestion as regards the question of manure and other identical questions connected with agriculture is to see that you have a centre in every village, not only depots for selling manure but for all other purposes which will be a centre of light and of advice to the agriculturists. That will be my suggestion. Whether you put it under the *Panchayatdars* or whether you entrust this work with non-officials I don't mind. I have been reliably informed by a friend of mine who has taken to planting and farming that lady's finger is fetching 7 annas per hundred. Another thing is Pappayya. You cannot get Pappayya in the market. I have been searching for it in my canvalescence. A good fruit fetches 4 annas. Then again tomatoes grow abundantly in these places. Tomatoes are worth four annas per pound. The difficulty is we cannot get the seeds or instructions. That is why I am pressing this point. If only our people get the necessary seeds and instructions in each village centre probably our income will be a huge amount. So my suggestion to the Government is to start village agricultural centres. I dare say there will be somebody in every village to undertake this work. Take every village and have a sort of reconstruction centre. Everywhere you have got village rural reconstruction societies. Therefore, I press upon the Hon'ble Minister to try as far as possible to develop small model farms in all centres. If necessary cut down the area of the agricultural central farm which is about 400 acres in extent. Personally it seems to me that 400 acres are not necessary. For a man from Keecheri or Edakkattuvayal to go to the Central Farm to see or buy something will be tremendously costly. Start say 5 acre demonstration farms in all the villages or at least in important centres.

*മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: സർ, വളമുണ്ടാക്കുന്ന കായ്ത്തൊപ്പററി ഗവമ്മെണ്ടു് വള രെ നിഷ്ക്രിയയായി പ്രവൃത്തിക്കുന്നതിനു ശ്രദ്ധിക്കേണ്ടതാണു്. അതിനു ഡിമാണ്ടില്ലെന്നു പറയുന്നതിന്റെ കാരണം വളത്തിന്റെ ഗുണദോഷം കൃഷിക്കാക്കു മനസ്സിലാകാത്തതുകൊ ണ്ടാണു്. സാധാരണയായി ഇപ്പോൾ പഴയ സമ്പ്രദായമാണു് എല്ലാ കൃഷിക്കാരും ചെയ്തു വരുന്നതു്. അതായതു് പച്ച ഇല ചീഞ്ഞു വളമാകുന്നതിനുമുമ്പുതന്നെ നെല്ലു് വിതറി തുട ങ്ങും. ആ വളം ചീഞ്ഞതിനുശേഷമല്ലാതെ വലിച്ചെടുക്കുവാൻ സാധിക്കുകയില്ലല്ലോ. വളം ചീഞ്ഞു വരണമെങ്കിൽ കുറെ താമസം നേരിടും. ഇടുന്നവളം കൃഷിക്കു ഉപയോഗമില്ലാതെ യാകുമെന്നു മാത്രമല്ല, നമ്മുടെ രാജ്യം മഴയുള്ള ദിക്കായതുകൊണ്ടു് വളംമുഴുവനും ഒലിച്ചു പോകുകയും ചെയ്യും. പിന്നത്തെ കൊല്ലത്തേക്കു് ഉപയോഗിക്കാമെന്നു വിചാരിച്ചാൽ തന്നെയും ഈ കാരണംകൊണ്ടു സാദ്ധ്യമല്ല. അതുകൊണ്ടു് അതു വളമാക്കി ഉപയോഗി ച്ചാൽ ആ സമയത്തുതന്നെ കൃഷിക്കു ഉപയോഗിക്കാവുന്നതും കൃഷി വളർത്തുന്നതുമാണു്. ഈ വിഷയം എല്ലാ കൃഷിക്കാരേയും മനസ്സിലാക്കിയാൽ വളത്തിനു ഡിമാണ്ടുണ്ടാകുകയും കൃഷി അഭിവൃദ്ധിപ്പെടുകയും ചെയ്യും.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: വളത്തിന്റെ ആവശ്യത്തിനു കാട്ടിൽനിന്നു ഇലകൾ അരിഞ്ഞെടുക്കുന്നതിനു വല്ല വിരോധവുമുണ്ടോ?

മിസ്റ്റർ ടി. കെ. നായർ: അടുത്ത അവസരത്തിൽ ഗവമ്മെണ്ടിൽനിന്നു ഒരു പ്രസ്സു് കമ്മൂണിക്കു ഇഷ്യു ചെയ്തിട്ടുണ്ടു്. ഫാറസ്റ്റു് റഗുലേഷൻപ്രകാരം തന്നെ തലച്ചുമടായി കൃഷി യാവശ്യത്തിനു വളമായി ഉപയോഗിക്കുവാൻവേണ്ടി ഇലകൾ കൊണ്ടുപോകുവാൻ തടസ്ഥ മില്ല. ആ സംഗതിയെ സംബന്ധിച്ചു ഈ പ്രസ്സു് കമ്മൂണിക്കുകൊണ്ടു പൊതുജനങ്ങളെ അറിയിച്ചിട്ടുമുണ്ടു്.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: തലച്ചുമടായി കൊണ്ടുവരുവാൻ തടസ്ഥമില്ലെന്നു പ റഞ്ഞു. തലച്ചുമടല്ലാതെ വണ്ടിക്കു കൊണ്ടുവരികയാണെങ്കിൽ അതിനു തടസ്ഥമുണ്ടോ?

മിസ്റ്റർ ടി. നാരായണമേനോൻ: സ്വന്ത ആവശ്യത്തിനായിട്ടു് തലച്ചുമടായി കൊണ്ടു വരുവാൻ ഫ്രീയായി അനുവദിക്കാറുണ്ടു്. വണ്ടിക്കു് കൊണ്ടുവരുകയാണെങ്കിൽ കച്ചവട ത്തിനായി കൊണ്ടുവരുന്നതായിരിക്കും. അതിനാൽ വണ്ടിക്കു വെറുതെ കൊണ്ടുപോകുവാൻ പാടില്ല.

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ: കച്ചവടത്തിനായി കൊണ്ടുവരുന്നതായാൽതന്നെയും അതു് കൃഷിയാവശ്യത്തിനല്ലേ?

മിസ്റ്റർ ടി. നാരായണമേനോൻ: ദൂരദിക്കുകളിലേക്കു കൊണ്ടുപോകുന്നതു് കച്ചവടത്തിനാണോ അല്ലയോ എന്നു തീർച്ചയാക്കുവാൻ പ്രയാസമാണു്. അടുത്തുള്ള സ്ഥലങ്ങളിലേക്കു് ആണെങ്കിൽ ഫ്രീയായി കൊണ്ടുപോകുവാൻ അനുവാദമുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അകലെയുള്ളവർക്കു മാത്രമേ ചിലവുള്ളു അല്ലേ?

മിസ്റ്റർ ടി. നാരായണമേനോൻ: അതേയുള്ളു.

മിസ്റ്റർ വി. കെ. കുട്ടി: കൃഷിക്കല്ലാതെ വേറെ എന്തെങ്കിലും ആവശ്യത്തിനു് തുകൽ ഉപയോഗിക്കുമോ?

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഫ്രീ പാസ്സു് കൊടുക്കുന്നതു് ആരാണു്? തലച്ചുമടായിട്ടു കൊണ്ടുപോകുന്നതിനു പാസ്സുവേണോ?

മിസ്റ്റർ ടി. നാരായണമേനോൻ: വേണം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അതു് ആരാണു് കൊടുക്കുന്നതു്?

മിസ്റ്റർ ടി. നാരായണമേനോൻ: ഫാറസ്റ്റർ ആണു്.

മിസ്റ്റർ വി. കെ. കുട്ടി: ബഹുമാനപ്പെട്ട മന്ത്രിയോടു് എനിക്കു ഒരപേക്ഷയുണ്ടു്. പാസ്സിനെപറ്റി വിവരമില്ലാത്തവരായിരിക്കും അവരിൽ മിക്കവരും. ചിലപ്പോൾ പാസ്സു വാങ്ങുവാൻ സൌകര്യപ്പെടാതെയും വരും. അതുകൊണ്ടു് പാസ്സുകൂടാതെതന്നെ കൊണ്ടുപോകുവാൻ ഉള്ള നിയമം ഉണ്ടാക്കണമെന്നു് എനിക്കപേക്ഷയുണ്ടു്.

*മിസ്റ്റർ ടി. കെ. നായർ: മിസ്റ്റർ കുട്ടി പറഞ്ഞ വിഷയത്തെപ്പറ്റി ഒരു സംഗതി എനിക്കു പറയുവാനുണ്ടു്. ഫാറസ്റ്റിൽനിന്നു് മരങ്ങളും മറ്റും കളവുപോകാതെ സൂക്ഷിക്കേണ്ടതുമതല ഗവർമ്മെണ്ടിനുണ്ടു്. അതു് വേണ്ടെന്നു വെക്കുകയാണെങ്കിൽ ഈ നിയമങ്ങളൊക്കെ റദ്ദുചെയ്യേണ്ടിവരും. എല്ലാവരെയും ഇഷ്ടംപോലെ കാട്ടിൽ കയറി തുകൽ വെട്ടുവാൻ സമ്മതിച്ചാൽ നിയമത്തിന്റെ ആവശ്യമേയില്ല. അതുകൊണ്ടാണു് ഇല വെട്ടിക്കൊണ്ടു പോകുവാൻ ഫ്രീപാസ്സു് അനുവദിച്ചിട്ടുണ്ടെന്നു പറഞ്ഞതു് പാസ്സുകൂടാതെ വെട്ടുവാൻ അനുവദിച്ചാൽ കുറെ വണ്ണമുള്ള കൊമ്പുകളും മറ്റും മുറിച്ചെടുത്തു് മരങ്ങളെല്ലാം നാശമാക്കുവാനിടയുണ്ടു്. കാടിനെ രക്ഷിക്കേണ്ട ആവശ്യത്തിനാണു് ഫ്രീപാസ്സു് വേണമെന്നു വെച്ചിട്ടുള്ളതു്. ഇതു് ആവശ്യമാണെന്നുള്ളതു് കാട്ടിനെ സംബന്ധിച്ചു പരിചയവും അറിവുമുള്ളവർ സമ്മതിക്കുന്നതുമാണു്. അതുകൊണ്ടു് നിയമംവെച്ചുകൊണ്ടിരിക്കുകയും പാസ്സുകൂടാതെ കാടു നശിപ്പിക്കുവാൻ വിടുകയും രണ്ടുംകൂടി ചെയ്യുവാൻ കുറെ തെരുക്കമാണു്. കൃഷിപോഷണം മാത്രം മതി, കാടു് രക്ഷിക്കേണ്ടതില്ല എന്നാണെങ്കിൽ കാടു മുഴുവൻ വെട്ടുവാൻ സമ്മതിക്കണം. കാടുകൂടി രക്ഷിക്കേണ്ടതു് ആവശ്യമാണെങ്കിൽ ഇങ്ങിനെയുള്ള ചില ആകുലതകളോടുകൂടിയല്ലാതെ ഗവർമ്മെണ്ടിനു ചെയ്യുവാൻ സാധിക്കയില്ല. ഈവക കാര്യങ്ങളൊക്കെ പ്രസ്സു് കമ്മ്യൂണിക്കെ ഇഷ്യു ചെയ്യുമ്പോൾ ആലോചിക്കുകയുണ്ടായി. പാസ്സു കൂടാതെ വെട്ടുവാൻ അനുവദിക്കുന്നതിനു നിവൃത്തിയില്ലെന്നു കണ്ടിട്ടാണു് ഫ്രീപാസ്സു് വേണമെന്നു വെച്ചിട്ടുള്ളതു്.

മിസ്റ്റർ ടി. നാരായണമേനോൻ: മിനിസ്റ്റർ പറഞ്ഞ സംഗതികൾക്കും പുറമെ ഒരു കാര്യംകൂടി പറയുവാനുണ്ടു്. റിസർവ്വു് ഫാറസ്റ്റിൽ കടന്നു വെട്ടുന്നതിനുമാത്രമേ പാസ്സുള്ളു. റിസർവ്വു് ഫാറസ്റ്റിൽ പല സ്ഥലങ്ങളിലും കേടുള്ള മരങ്ങളെല്ലാം നീക്കി നല്ല മരങ്ങൾ വെച്ചുപിടിപ്പിച്ചിട്ടുണ്ടു്. അതുകൊണ്ടു് ഇന്ന ദിക്കിൽനിന്നു മാത്രമേ വെട്ടുവാൻ പാടുള്ളുവെന്നു് നിബന്ധമുണ്ടു്. എല്ലാ ദിക്കിലും ഒന്നുപോലെ കടന്നു വെട്ടുവാനും പാടില്ല. പാസ്സു് വേണമെന്നു് വെക്കുവാനുള്ളതിനു ഇതും കൂടി പ്രധാനമായ ഒരു കാരണമാണു്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: ഫാറസ്റ്റർ താമസിക്കുന്നതു് പത്തു മൈൽ അകലെയായിരിക്കും. അതുകൊണ്ടു് ലോക്കൽ ഗാർഡിനേയോ മറ്റോ പാസ്സു കൊടുക്കുവാൻ അധികാരപ്പെടുത്തിയാൽ കൊള്ളാം.

Mr. A. B. Salem *(Mattancheri)*: Sir, I had tabled a cut motion to urge the opening of manure depots in convenient centres all over the State for furnishing manure to the ryots and cultivators on the security of the crops. It comes to the same thing. Sir, in this matter our State in spite of the Agricultural Department.....

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

Mr. C. V. Iyyu *(Kunnamkulam):* On a point of order, Sir, has the Hon'ble President allowed the motion to be moved ?

Deputy President: He is not moving a motion. He is speaking on the present motion.

Mr. A. B. Salem *(Mattancheri):* He never can understand things properly and it is no wonder that I am interrupted like this. *(Laughter).*

Sir, in spite of the Agricultural Department existing for a long time we still are waiting to get an analysis of the soil of Cochin in its different parts. It is no good simply so say "Manure depots should be opened". Cow-dung is manure. Green leaf is manure. If you open manure depots in different parts of the country and supply manure to the people which is not suitable to that part of the country it will be of no use. Soils in different parts will be of different composition and manure that will suit the different kinds of soil should be made available. Even before the opening of the manure depots if you want satisfactory results the first thing necessary is to have a good analysis of the various kinds of soil in the various parts of the country. If you are going to cultivate tapioca you cannot give tapioca the same manure as given to paddy. You cannot give cocoanut trees the manure that you give for something else. Therefore, an analysis of the soil must precede the establishment of the manure depots in the different parts so that for the cultivation of different kinds of articles you will have that particular kind of manure that is necessary to be added to the particular soil to get the best results. It is only to give this constructive idea that I have stood up. This has been done in other countries with the result, that on soil that could only support one lakh and a half one million people are supported and still more can be supported.

Dr. A. R. Menon *(Trichur-North):* You mean Palestine ?

Mr. A. B. Salem *(Mattancheri):* Yes. I have seen this in Palestine. There every part of the country is analysed. A country which could give food for one lakh now gives food for 12 lakhs and more and is exporting 12 million boxes of oranges to all parts of the world. When the Jews went there, they analysed every part of the soil and by applying the manure suitable to each kind of soil they have managed to raise this great crop and today they are supplying many of the theatres of war. Similarly in the Cochin State there should be intensive cultivation as well. Here in Cochin we scrape the surface of the soil. We put some leaves as manure, as Mr. Ramachandra Ayyar said, and before the manure is disintegrated for the soil succour, the crop is over and the whole thing is washed away. That must not be the way of manuring. In opening the manure depots you have to study the soil, taking an area, say one taluk. That must be very well studied. Otherwise, our money will be wasted, our efforts will be wasted and our objects will not be realised. I request the Hon'ble Member to have this idea and implement it in the correct manner and not merely waste away the money by opening manure depots.

Sir, there is no use of having honorary men. You must have paid responsible men who will have a stake in the place. There is no use of having honorary men who will come forward to do this work for having the honour of being in charge of the depot. That kind of work will give you no beneficial results. Pay them liberally and they will do better work for you. If you have not got people in this State to analyse the soil get the services of an expert from outside. Let him make a full survey of the soil and analyse the different kinds of the soil in the different parts of the State. It will be better to have a full-time officer. There is no use of half-time officers. With these few words I whole-heartedly support Mr. Warriar's motion for opening the manure depots.

Mr. C. V. Iyyu *(Kunnamkulam):* I may be allowed to point out to the Hon'ble Member and the Hon'ble House that a soil survey has been made in Cochin, I think, under the orders of the late Mr. Sivarama Menon and the report was delivered to all the members here. I think the report on the analysis of the soil in Trichur and Talappalli Taluks has been published. Perhaps Mr. Salem was not a member. It is enough if the present Minister complete that survey in the other taluks.

Mr. C. R. Iyyunni *(Trichur-South):* Suppose I have got a particular kind of soil and if it is sent to anyone of the experts in the Agricultural Department will it be possible for me to get it analysed on payment of some remuneration.

Mr. T. K. Nayar *(Minister for Rural Development):* It is done free.

Mr. C. R. Iyyunni *(Trichur-South):* If the soil is sent to you and a request is made whether such a soil will be suitable for the cultivation of such and such a thing will they advise us ?

*__Mr. T. K. Nayar__ *(Minister for Rural Development):* Surely they will do it.

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ഈ ഉപക്ഷേപത്തിൽ അടങ്ങിയ വിഷയം ഗവമ്മെണ്ടു് സ്വീകരിച്ചിട്ടുള്ളതാണു്. കൃഷി വ്യാപിപ്പിക്കുവാനായിട്ടു് പല പദ്ധതികളും ഗവമ്മെണ്ടു് അംഗീകരിച്ചിട്ടുള്ളതിൽ പെട്ടിട്ടുള്ള ഒന്നാണിതു്. ഓരോ പഞ്ചായത്തു് ഏരിയായിലും ഓരോ ഡെപ്പോ വീതം തുടങ്ങുവാനായിട്ടുള്ള വക ഫ ഫ ഫവു-ലെ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുമുണ്ടു്. ഇവിടെ പ്രധാനവാദവിഷയമായി കണ്ടതിലൊന്നാണു് അതാതുസ്ഥലത്തുള്ള ഭൂമികൾക്കു പറ്റിയ വളങ്ങൾ കൊടുക്കണമെന്നുള്ളതു്. അതു തീർച്ചയായിട്ടും ഗവമ്മെണ്ടു് വേണ്ടപോലെ നോക്കി അതാതു ദിക്കിലേക്കു യോജിക്കുന്ന വളം ഡെപ്പോവിൽനിന്നും കൊടുക്കുന്നതിനു് ഏർപ്പാടു ചെയ്യുണമെന്നാണു ഭദ്രേശിക്കുന്നതു്. അങ്ങിനെ ചെയ്തില്ലെങ്കിൽ ഈ സ്കീംകൊണ്ടു് യാതൊരു പ്രയോജനവുമില്ല. കൃഷിക്കാരുടെ സ്ഥിതി നോക്കുകയാണെങ്കിൽ, അതു് അവരുടെ ദാരിദ്ര്യത്തിന്റെ ശക്തി കൊണ്ടാണെന്നതന്നെ തുറന്നുപറയാം, കയ്യിൽനിന്നും പണം ചിലവാക്കി വളം വാങ്ങി കൃഷിക്കുപയോഗിച്ചു് അതിന്റെ ഗുണം എടുക്കുവാൻ കഴിവുള്ള ഒരു നിലയല്ല അവർക്കുള്ളതു്. എന്നാൽകൃഷിക്കു വളം പോക്കേണ്ട കാര്യത്തിൽ നമ്മളിവിടെ ഉദ്ദേശിക്കുന്നതുപോലെ കൂടുതൽ വളം ചെലുത്തിയാൽ ആദായം കൂടുതലുണ്ടാകുമെന്ന ഇന്നത്തെ കൃഷിക്കാരെ ധരിപ്പിക്കുവാൻ ഒരു പ്രചരണവേല വേണമെന്നു് എനിക്കു തോന്നുന്നില്ല. അതു് അറിയാത്ത കൃഷിക്കാർ ആരുമുണ്ടാകയില്ല. എന്നാൽ കൃഷിസംബന്ധമായി നമ്മൾ അവർക്കു വേണ്ടുന്ന വിദഗ്ദ്ധോപദേശങ്ങൾ കൊടുത്താൽ, അതായതു് ഇന്ന സ്ഥലത്തു് ഇന്ന വളം, അതു് ഇന്നവിധം ചെലുത്തണം എന്നെല്ലാമുള്ള ഉപദേശങ്ങൾ നൽകിയാൽ നന്നായിരിക്കും. അതുപ്രകാരം അവരെക്കൊണ്ടു ചെയ്യിച്ചാൽ കൃഷിയും കുറേകൂടി നന്നാകും. എന്നാൽ ഇന്നത്തെ കൃഷിക്കാർക്കുള്ള ബുദ്ധിമുട്ടു്, കൃഷിക്കു വേണ്ടി പ്രയത്നിക്കേണ്ട അവസരത്തിൽ വിത്തില്ല, പാടത്തു് ഉഴുവാൻ കന്നുകളില്ല, കൂലിക്കാരില്ല, കൂലിക്കാരുണ്ടെങ്കിൽ അവർക്കു കൂലി കൊടുക്കുവാൻ പണമില്ല, ഇവയെല്ലാമാണു്. കൃഷി മാത്രം ഉണ്ടു്. ഈ മാതിരി കൃഷിക്കാരാണു് അധികപക്ഷവും. ഇതിനെല്ലാം കടം മേടിച്ചാണു് മിക്ക ആളുകളും കൃഷി ചെയ്യുന്നതു്. വളം ഉപയോഗിക്കേണ്ടതും ആ അവസരത്തിൽതന്നെയാണു്. എന്നാൽ ഒഴിച്ചുകൂടാൻ പാടില്ലാത്തതാണു് ആദ്യത്തെ മൂന്നിനം. വിത്തു്, കന്നു് മുതലായവക്കു വേണ്ടി കടം മേടിക്കുന്നതോടു ചേർത്തു് വളത്തിനായിട്ടും കുറെ കടം വാങ്ങുവാൻ അവരുടെ ദാരിദ്ര്യത്തിന്റെ ശക്തികൊണ്ടു ബുദ്ധിമുട്ടു് നേരിടും. ആ ബുദ്ധിമുട്ടു് പരിഹരിക്കുവാനായിട്ടാണു് കൃഷിക്കാർക്കു കൃഷി ചെയ്യേണ്ട അവസരത്തിൽ വളം മുൻകൂർ കടമായി കൊടുക്കാമെന്നുള്ള ഒരു പുതിയ പദ്ധതി ഗവമ്മെണ്ടു സ്വീകരിച്ചതു്.

മിസ്റ്റർ എ. ബി. സേലം : വളം മാത്രമല്ലാതെ കൃഷിക്കാവശ്യമുള്ള എല്ലാംതന്നെ കടമായി കൊടുക്കുവാനുള്ള ഒരു പദ്ധതി സ്വീകരിച്ചുകൂടേ ? വെറുതെ എങ്ങിനെ കൃഷി നന്നാകും? ഒരാൾ പാവപ്പെട്ടവനാണെന്നു പറഞ്ഞാൽ അയാളുടെ കൃഷി നന്നാകുമോ? ഒരു പത്തു വർഷത്തെ ഡിപ്രാട്ട്മെണ്ടിലെ ആദായം ഇതിലേക്കു നീക്കിവെക്കുക. കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ മുഖാന്തിരമോ, തഹശീൽദാർമാർ മുഖാന്തിരമോ ആവശ്യമുള്ളവർക്കു് കടം കൊടുക്കത്തക്കവിധം ആ സംഖ്യ നീക്കിവെക്കുക. ഇതു് കൃഷിയുടെ കാര്യമാണു്. അവരുടെ ബുദ്ധിമുട്ടുകൾ കാണുമ്പോൾ സഹിക്കുവാൻ പാടില്ല, അതുകൊണ്ടാണു് പറയുന്നതു്. കൃഷിയുടെ രക്ഷക്കും അഭിവൃദ്ധിക്കും ആവശ്യമായിട്ടുള്ളതെല്ലാം ഗവമ്മെണ്ടു് കർഷകന്മാർക്കു് ചെയ്തുകൊടുക്കണം. അതിനു വേണ്ട പണം ചിലവാക്കണം. പണം എവിടെ എന്നു ചോദിച്ചാൽ ആകാശത്തിൽനിന്നൊന്നും ഇറങ്ങിവരികയില്ല. ഗവമ്മെണ്ടു ഭണ്ഡാരത്തിലുണ്ടു് പണം. അതെടുത്തു ചിലവാക്കണം.

മിസ്റ്റർ ടി. കെ. നായർ : കൃഷിക്കാരെ ഏതെല്ലാം തരത്തിൽ ഗവമ്മെണ്ടിനു സഹായിക്കുവാൻ കഴിയുമോ അതെല്ലാം ചെയ്യാൻ ഒരുക്കമാണു്. മിസ്റ്റർ സേലം ഇവിടെ പറഞ്ഞിട്ടുള്ള സംഗതികൾ ഒരു അഗ്രിക്കൾച്ചറൽ സ്റ്റോറായ കൊച്ചിക്കു് എത്തേണ്ട ഒരു പ്രാപ്യസ്ഥാനമാണെന്നുള്ളതു് ഞാൻ സമ്മതിക്കാം.

മിസ്റ്റർ കെ. എസ്സു്. പണിക്കർ : കൃഷിയും കൂടി ചെയ്തുകൊടുത്താൽ കുറെകൂടി നന്നായി.

മിസ്റ്റർ ടി. കെ. നായർ : കൃഷി ചെയ്യേണ്ട അവസരത്തിൽ വിത്തിനൊ കന്നിനൊ അവർക്കു ബുദ്ധിമുട്ടു വരുവാൻ പാടില്ല. അതിൽ ഒരു കൈകൂടി കടന്നുപറയുകയാണെങ്കിൽ ഒക്കായ്ത്തു കഴിഞ്ഞാൽ നികുതി പിരിക്കേണ്ട ആവശ്യത്തിനു്, നെല്ലിനു് ന്യായമായ വില കിട്ടുന്നതുവരെ കാത്തിരുന്നു് സൂക്ഷിച്ചുകൊടുത്താൽ അതും വളരെ ഉപകാരമായിരിക്കും. ഇതൊക്കെ നമ്മുടെ പ്രാപ്യസ്ഥാനമായി നമുക്കു കണക്കാക്കാമെന്നല്ലാതെ ഫ ഫ ഫവു-ൽ ഇതൊന്നും സാദ്ധ്യമല്ല. ഫ ഫ ഫവു-ൽ ചെയ്യാവുന്ന ചില ചില്ലറ സംഗതികൾ മാത്രമാണു്

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ പറയുന്നതു്. ഈ കട്ടമോഷനിൽ പറഞ്ഞിട്ടുള്ള സംഗതിയെപ്പറ്റി പറയുകയാണെങ്കിൽ ഞാൻ ഇതു കിട്ടിയതുമുതൽ ഒരു അവസാനം എത്താതെ കിടന്നു കഴങ്ങിത്തുടങ്ങിട്ടു് ന, ർ ദിവസമായി. കൊച്ചിരാജ്യത്തുള്ള കർഷകന്മാർക്കു് ആവശ്യമുള്ളതായ വളം ഗവമ്മെണ്ടിൽനിന്നും ഏക്കർ ഒന്നിനു് ഇരുവീതം എന്നുള്ള തോതിൽ വിദഗ്ദ്ധോപദേശപ്രകാരം കൃഷിക്കാരുടെ കൈവശമുള്ള ഭൂമിയുടെ ഏരിയാ നോക്കി കൊടുത്തു് കൃഷി ചെയ്യിച്ചാൽ കൊള്ളാമെന്നു തീരുമാനിച്ചു് അതിനുള്ള സംഖ്യ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ടു്. വാസ്തവം ഇങ്ങിനെയാണുണ്ടായിട്ടുള്ളതു്. ബാക്കിയുള്ളതും ചെയ്തുകൊടുക്കേണ്ടതാണെന്നും കഴിയുന്നതെല്ലാം ചെയ്യേണ്ടതു ഗവമ്മെണ്ടിന്റെ ചുമതലയാണെന്നും ഞാൻ സമ്മതിക്കാം. നികുതി ശരിക്കു തരുന്നില്ലെങ്കിൽ അതു പിരിച്ചെടുക്കുവാനുള്ള വഴികൾ നോക്കണമെന്നാണു് ഇതിന്റെ അവതാരകൻ പറയുന്നതു്. നികുതി പിരിച്ചാലും ഇല്ലെങ്കിലും വിരോധമില്ലാത്ത ആളാണു് അദ്ദേഹം എന്നു് എനിക്കറിയാം. എങ്കിലും ഈ ഉപക്ഷേപം സ്വീകരിച്ചു് നടപ്പിൽ വരുത്തുവാൻ മുതിരുന്നുണ്ടെന്നു് ഇതിന്റെ അവതാരകൻ ധരിച്ചുകൊണ്ടായിരിക്കാം ഇതിവിടെ കൊണ്ടുവന്നിട്ടുള്ളതെന്നു ഞാൻ വിചാരിക്കുന്നു. ഇതു് പ്രായോഗികമായ ഒരു വഴിയാണോ എന്നു് എനിക്കു സംശയമുണ്ടു്. റഷ്യയെപ്പറ്റിയും മറ്റും എനിക്കറിവില്ല, വേറെ ഏതെങ്കിലും രാജ്യങ്ങളിൽ ഇങ്ങിനെയുള്ള പദ്ധതി നടപ്പിൽ വരുത്തീട്ടില്ലെന്നുള്ളതു് എന്റെ അറിവിൽ പെട്ടിടത്തോളം തീച്ചയാണു്. അഥവാ വേറെ എവിടെയെങ്കിലും ഇങ്ങിനെയാണോ നടപ്പിൽ ഇരിക്കുന്നതെന്നു സംഗതിയും ഞാൻ നോക്കീട്ടില്ല. വല്ല സ്ഥലത്തും ഉള്ളതായി എന്റെ അറിവിൽ പെട്ടാൽ അതിന്റെ പ്രായോഗികവശങ്ങളും മുഴവനും ഈ ഗവമ്മെണ്ടും സ്വീകരിച്ചു് ഇവിടെയും നടപ്പിൽ വരുത്തുവാൻ യാതൊരു വിരോധവുമില്ലാത്തതാണു്. ഇതിന്റെ തത്വത്തിൽ ഗവമ്മെണ്ടിനു് യാതൊരു വിരോധവുമില്ല. വളം കൂടുതൽ കൊടുത്തു് കൃഷി എല്ലായിടത്തും അഭിവൃദ്ധിപ്പെടുത്തി കൂടുതൽ ഉല്പന്നങ്ങളും രാജ്യത്തുണ്ടാക്കണമെന്നു് ഗവമ്മെണ്ടിനു് ഉദ്ദേശമുണ്ടു്. കൃഷിയുടെ പ്രായോഗികമായ വശങ്ങളിൽ ആവശ്യമുള്ള പണം ചിലവിടുന്ന കാര്യത്തിൽ ഗവമ്മെണ്ടിനു് യാതൊരു മടിയുമില്ല. ഈ സംഗതിക്കു വേണ്ടി ഇനിയത്തെ കൊല്ലത്തേക്കു് ൪൦,൦൦൦ ഉറുപ്പിക ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ടു്. അഞ്ചു ലക്ഷം വേണമെങ്കിലും ചിലവിടുവാനും തയ്യാറാണു്. അഡ്വാൻസബിൾ റിക്കവറി എന്ന നിലയിൽ എത്ര പണം കൊടുക്കുവാനും ഗവമ്മെണ്ടിനു യാതൊരു ഭയവുമില്ല. ഓരോ ദിക്കിലും ആദ്യമായി വളം ഡെപ്പോ വെച്ചു പരീക്ഷിച്ചുനോക്കി നല്ലവണ്ണം ചിലവു ചെയ്താൽ കൂടുതൽ ഫലം കിട്ടുമെന്നു കാണുന്ന ദിക്കുകളിൽ എത്ര ആയിരം ഉറുപ്പികയുടെ വളം വേണമെങ്കിലും കൊടുക്കാം. ഈ മാതിരിയുള്ള സൌകര്യങ്ങളൊക്കെ ഗവമ്മെണ്ടിനു ചെയ്യുവാൻ വിരോധമില്ല. വളത്തെ സംബന്ധിച്ചു പറയുകയാണെങ്കിൽ നാട്ടുമുറങ്ങളിൽ ഉണ്ടാകുന്നതായ ചപ്പുചവറുകളും കന്നുകാലികളുടെ വളങ്ങളും മറ്റും ഉപയോഗിക്കുവാനുള്ള രീതി അറിവില്ലാതെ അനവധിപേർ പെരുമാറുന്നുണ്ടു്. അതിനു ഓരോ കൂഴികളുണ്ടാക്കി അതിൽ ശേഖരിച്ചു് ശരിയായ വളമാക്കി എടുക്കുന്ന സമ്പ്രദായം അവിടങ്ങളിൽ പ്രാക്ടിക്കലായി ചെയ്തുകാണാറില്ല. അതിനു വേണ്ട പ്രചരണവേലകളും നടത്തേണ്ടതു ചുമതല ഡിപ്പാർട്ടുമെണ്ടിനുണ്ടു്. ആ വിഷയത്തിൽ ഡിപ്പാർട്ടുമെണ്ടു് ശ്രദ്ധ പതിപ്പിക്കുന്നുമുണ്ടു്. അതിനുള്ള ശ്രമങ്ങളും വരുന്ന ചിങ്ങംമുതൽ തുടങ്ങുന്നതായിരിക്കും.

ഇങ്ങിനെയുള്ള ഒന്നുരണ്ടു വഴികളല്ലാതെ പെട്ടെന്നു് ഇതിൽ പ്രവൃത്തിക്കുവാനായിട്ടു് യാതൊരു വഴിയും കാണുന്നില്ല. കൃഷിപോഷണത്തിനു പ്രായോഗികമായി ഏതെങ്കിലും വഴികളുണ്ടെങ്കിൽ അതു ഗവമ്മെണ്ടിനോടു സജ്ജസ്റ്റു് ചെയ്താൽ ആവുന്നതു ചെയ്യുവാൻ തയ്യാറാണു്. കൃഷി നന്നാകണം എന്നുള്ള ഒരേ ഉദ്ദേശമാണു് ഗവമ്മെണ്ടിനും പൊതുജനങ്ങൾക്കുമുള്ളതു്. സെൽഫു് സഫിഷ്യൻസി ഉണ്ടായിരിക്കണം, പട്ടിണിയെന്നുള്ള ഒരു അവസ്ഥവരാതെ കഴിക്കണം, അതിനു വേണ്ടിയുള്ള പ്രായോഗികമായ ഏതു പദ്ധതിയും ഗവമ്മെണ്ടു സ്വീകരിക്കുവാൻ തയ്യാറാണു്.

മിസ്റ്റർ വി ജെ. മത്തായി: പ്രചരണവേലക്കു കൃഷി ഡിപ്പാർട്ടുമെണ്ടിൽ ഇപ്പോൾ ആരാണുള്ളതു്?

മിസ്റ്റർ ടി. കെ. നായർ: താലൂക്കിൽ ഒരു ഇൻസ്പെക്ടരും അദ്ദേഹത്തിന്റെ കീഴിൽ രണ്ടു ഫീൽഡ്മാന്മാരും ഉണ്ടു്. അവരെക്കൊണ്ടതന്നെയാണു് കഴിച്ചുകൂട്ടുന്നതു്. ഈ വക കാര്യങ്ങളൊക്കെ നടത്തുന്നതിനു വളരെ പണച്ചിലവുണ്ടാകുമെന്നുള്ളതു് ഞാൻ പറയാതെതന്നെ എല്ലാവർക്കുമറിയാം.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ വി. ജെ. മത്തായി: ഓരോ താലൂക്കിലേക്കും ഓരോ ഡിമോൺസ്റ്റ്രേറ്ററെ വെക്കാമോ ?

മിസ്റ്റർ ടി. കെ. നായർ: അവരുടെ ആവശ്യമെന്താണ് ?

മിസ്റ്റർ വി. ജെ. മത്തായി: ആവശ്യമെന്താണെന്നുവെച്ചാൽ കൃഷിക്കാരുടെ ഇടയിൽ പോയി അവരുമായി കൃഷിയെ സംബന്ധിച്ചു കാര്യങ്ങളെപ്പറ്റി അഭിമുഖസംഭാഷണം നടത്തുക; അവരുടെ കൃഷിസ്ഥലങ്ങളിൽ പോയി കൃഷി കാര്യങ്ങളെപ്പറ്റി ആവശ്യമായ ഉപദേശം കൊടുക്കുക; വളം ഉണ്ടാക്കുന്നതു് ഇന്ന വിധത്തിലാണെന്നു കാണിച്ചുകൊടുക്കുക മുതലായവയാകുന്നു.

മിസ്റ്റർ ടി. കെ. നായർ: ഈ കാര്യത്തിൽ ഗവമ്മെണ്ടു് ഒന്നു തീച്ചയാക്കികഴിഞ്ഞിട്ടുണ്ടു്. കടലാസ്സിനൊക്കെ വില കൂടുതലായിരിക്കുന്നതുകൊണ്ടു് ആപ്പീസു ജോലികൾ സ്വല്പം കുറച്ചു് അവർ സാധാരണ വില്ലേജുകളിൽ ഇറങ്ങി വേലചെയ്യണമെന്നുവെച്ചുകഴിഞ്ഞിട്ടുണ്ടു്. ഇനി മുതൽ അവരെ പുറത്തു കാണുന്നില്ലെങ്കിൽ അതു ഗവമ്മെണ്ടിന്റെ തെറ്റുതന്നെയാണു്. കൂടുതൽ ആളുകളെ വെക്കണമെന്നു കാര്യത്തിൽ എനിക്കു സന്തോഷമാണു്. പക്ഷെ അതിന്നു ഫണ്ടു മതിയാകയില്ല.

മിസ്റ്റർ വി. ജെ. മത്തായി: ഏഴാളുകൾ മതി.

മിസ്റ്റർ ടി. കെ. നായർ: ഫുഡ് പ്രൊഡക്ഷൻ സ്കീം തുടങ്ങിയതിന്നുശേഷം ഓരോരുത്തരെ കൂടുതലായിവെച്ചുകഴിഞ്ഞിട്ടുണ്ടു്. അതിൽ ഫീൽഡ്മാന്മാരുമുണ്ടു്. ഇനി മിസ്റ്റർ മത്തായി ഓരോ സെന്ററിൽ വേണമെന്നു പറഞ്ഞതിനെപ്പറ്റി പറയാം. അതത്യാവശ്യമാണു്. ഒരു പഞ്ചായത്തു് ഏറിയയെ ഒരു യൂണിറ്റായി വെച്ചുകൊണ്ടാണു് ഇനിയുള്ള പ്രവൃത്തികൾ ചെയ്യുവാൻ തീച്ചയാക്കിയിരിക്കുന്നതു്. ഇപ്പോൾ, അവക്കുള്ള ബുദ്ധിമുട്ടു്, ഉദ്യോഗസ്ഥന്മാർ ഏറിയയിൽ വന്നാൽ, അവിടെയുള്ള ആളുകൾ അറിയുകയില്ല. അങ്ങിനെ യാതൊരു കൊ-ഓപ്പറേഷനുമില്ല. അവിടെയുള്ള ജനങ്ങൾക്കു് ഉദ്യോഗസ്ഥന്മാരെ കണ്ടു വേണ്ട വിവരം ലഭിക്കുന്നതിന്നു് ആഗ്രഹമില്ലെങ്കിൽ ഉദ്യോഗസ്ഥന്മാക്കു എങ്ങിനെയാണു് അവരോടു പറയുവാനുള്ള സന്ദർഭം ഉണ്ടാകുന്നതു്. ഉദ്യോഗസ്ഥന്മാക്കു നാട്ടിലുള്ള ആളുകളെയൊക്കെ കണ്ടു് ഇതു പറയുന്നതിന്നു സാദ്ധ്യമാണോ ? എന്റെ അഭിപ്രായം ചിലപ്പോൾ തെറ്റായിരിക്കാം, ഒരു പഞ്ചായത്തിനെ ഒരു യൂണിറ്റാക്കിവെച്ചു് ആ പഞ്ചായത്തിന്റെ ചുമതലയിൽ അവിടത്തെ കാര്യങ്ങൾ ഏല്പിച്ചുകൊടുക്കണമെന്നാണു്. ഇങ്ങിനെയായാൽ അവിടത്തെ കാര്യങ്ങൾ അവക്കു അറിഞ്ഞിരിക്കാം. ഉദ്യോഗസ്ഥന്മാർ അവരോടു ചോദിക്കുക, അവക്കു വേണ്ടതായ ഉപദേശങ്ങൾ കൊടുക്കുക, അവർ മുഖാന്തിരം കാര്യങ്ങൾ നടത്തുക ഇങ്ങിനെയുള്ള വഴിവെച്ചാൽ നമുക്കു അവരെക്കൊണ്ടുതന്നെ ഒരു സെന്ററായി വെച്ചുകൊണ്ടു പ്രവൃത്തിക്കുവാൻ സാധിക്കും. ആ നാട്ടുകാക്കു എന്തൊക്കെയാണു് ആവശ്യമെന്നുവെച്ചാൽ അതറിഞ്ഞു വേണ്ടതു ചെയ്യുവാൻ സാധിക്കും. അതിന്നു ഒരു സ്കീം ഞാൻ തയ്യാറാക്കി ഈ നിയമസഭയിൽ വെക്കാം. [illegible]-ൽതന്നെ ഇതു സാധിക്കാമെന്നാണു് എനിക്കു തോന്നുന്നതു്.

മിസ്റ്റർ ബി. എം. പീറർ: അഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെണ്ടിലുള്ള അദ്ധ്യാപകന്മാക്കു ഇപ്പോൾ എന്താണു് പണി? അവർ കൃഷി നടത്തുന്ന കാര്യത്തിൽ വല്ല പ്രത്യേകതരം പണികൾ നടത്തുന്നുണ്ടോ ? അവരെ ഇതിലേക്കു നിയോഗിക്കുവാൻ എന്താണു് വിരോധം ?

റാവു സാഹിബു് ഐ. എൻ. മേനോൻ: അഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെണ്ടിലെ അദ്ധ്യാപകന്മാരെ ഓരോ സെന്ററിൽ കറെ സ്കൂളുകൾ സെലക്ടുചെയ്തു് അവിടെയാണു് വെച്ചിട്ടുള്ളതു്. അവിടെയുള്ള കുട്ടികൾക്കു ആഴ്ചയിൽ മൂന്നു ദിവസമെങ്കിലും കൃഷി സംബന്ധമായിട്ടുള്ള അറിവു് ഇവർ കൊടുക്കണമെന്നുവെച്ചിട്ടുണ്ടു്. വരുന്ന കൊല്ലം മുതൽക്കു കൂടുതൽ ആളുകളെ ഈ വിഷയത്തിൽ ട്രെയിൻ ചെയ്യിക്കണമെന്നു നിശ്ചയിച്ചിട്ടുണ്ടു്. ഏതെങ്കിലും ഒരു സ്കീം വരുന്നപക്ഷം അവരെകൊണ്ടു ഏതു സഹായവും ഏതു ഡിപ്പാർട്ടുമെണ്ടിന്നും കിട്ടുന്നതാണു്.

മിസ്റ്റർ ബി. എം. പീറർ: അവർ ഇപ്പോൾ വല്ലതും ചെയ്യുന്നുണ്ടോ ?

റാവു സാഹിബു് ഐ. എൻ. മേനോൻ: അവർ ഇപ്പോൾ അഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെണ്ടിന്നുവേണ്ടി വേലചെയ്യുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

Mr. E. Ikkanda Warriar *(Cheruthuruthi)*: I am glad that the Government have appreciated the spirit of my motion. But they are only obsessed with the difficulty of carrying it out into practical effect and ask me to cite instances of other places. I plead that I am unable to do that.

മിസ്റ്റർ ടി. കെ. നായർ: നിങ്ങൾക്കത തെറിധരിക്കരുതു്. എവിടേയും നടത്താത്തതു ഇവിടെ നടത്തണമെന്ന അഭിപ്രായക്കാരനാണു് ഞാൻ. ഈ ഉപക്ഷേപത്തിൽ പറഞ്ഞിട്ടുള്ളതുമുഴുവനും നടപ്പിൽ വരുത്തുവാൻ ഇപ്പോഴേ സാദ്ധ്യമല്ല.

Mr. E. Ikkanda Warriar *(Cheruthuruthi)*: I want the Government should be a pioneer in this respect and be an example to the other parts of the country. It is very easy. I do not know whether there is any other spot in the whole of India where it can be practised. The conditions are so very ideal; starting from His Highness the Maharaja, down to the lowest peasant—all are anxious to promote the practical interest of the country. Here is a Minister who is himself an agriculturist and who is interested in this. Here is a Government reserved half evincing all anxiety in the interest of the country. Where can we find such a country? It is no doubt a novel then; but it is also a difficult thing. If every people make up their minds to do it, I do not think they will find any difficulty and the difficulty can be easily solved by working it out.

Deputy President: What is the difficulty?

Mr. E. Ikkanda Warriar *(Cheruthuruthi)*: To prepare manure and manufacture manure on a large scale. If we look at these two aspects, there is no difficulty. To manufacture manure on a large scale, collect all the rubbish in convenient places and then convert it into manure. It is so easy to me. Anyway, it involves a great deal of pioneer work and trouble. I therefore suggest one thing to the Hon'ble Minister. With that I shall stop my speech. Instead of doing it for the whole State, I would ask him to start one unit, to select some Village Panchayats; then try to manufacture manure on a large scale and carry on some intensive propaganda in that place. Have the soil examined; do all that is necessary. Everything can be converted into practical working. If one Panchayat area is taken up as an ideal place and the work started in that place, all the difficulties will be solved. If we want the thing and if we are sure of it, we can do immense work. Man's intelligence has not become so bad; if there is a desire, we can carry it out. I don't want to take more time of this House on this matter. I am glad the Government has appreciated the position and hope they will take one village and start the work. If it is near my village, I volunteer my services and I will do everything free. With these words, I beg leave of the House to withdraw.

Motion, by leave, withdrawn

CUT MOTION No. 2

To separate the Veterinary Department from the Agriculture Department

Mr. V. K. Bhaskara Menon *(Cranganur)*: *To reduce the allotment of Rs. 13,713 for Veterinary Hospitals by Re. 1. (To urge on the Government the need to separate the Department from the Agricultural Department.)*

My idea in tabling this motion is to bring to the notice of this House the remarkable slackness in the working of the Veterinary Department. I think it will be conceded that the Veterinary Department is one of the most important departments which will promote the welfare of the rural population. A reference to the budget will clearly show that the result of its having been clubbed with the Agricultural Department has been to allow it to remain at a stage which it reached at about 10 years back, and there has been no advance after that. The allotment for 1116, as the House will be pleased to note, is Rs. 11,000, on account of value of medicines. And when the price of medicines has gone up on account of the war, the Hon'ble Minister has been very kind to reduce the allotment to Rs. 10,000. Now, Sir, I submit that though ultimately, I will say the responsibility is on the Minister, the primary responsibility is on the Department of Agriculture, because having been clubbed with the Department of Agriculture and being regarded only as a hand-maiden of that important Department what has been done throughout has been to see that the expenditure on this particular head is minimised, so that there may not be any attack on the Government that the expenditure for the department as a whole is going up. Now, my submission before this House is that the only reason I find for these two departments being

LIBRARY ARCHIVES Kerala Legislative Assembly